*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർ സെക്കണ്ടറി വിഭാഗം,*
*ഹൗസിങ്ബോർഡ്ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE-HSS/2022** **08/07/2022**

## സർക്കുലർ

**വിഷയം : ഹയർസെക്കണ്ടറി ഒന്നാം വർഷപ്രവേശനസമയത്ത് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച് അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. യോഗ്യതാ സർട്ടിഫിക്കറ്റ്,വിടുതൽ സർട്ടിഫിക്കറ്റ്,സ്വഭാവ സർട്ടിഫിക്കറ്റ്,ബോണസ് പോയിൻറ്, ടൈബ്രേക്ക് എന്നിവ അവകാശപ്പെട്ടിട്ടുള്ളവർ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ ഹാജരാക്കണം.

2. പ്രായ പരിധി ഇളവ് വേണ്ടുന്നവർ പ്രോസ്പെക്ടസ്സിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള ഉത്തരവുകളുടെ അസ്സൽ ഹാജരാക്കണം. (അപേക്ഷകർക്ക് 2022 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കവിയാൻ പാടില്ല).

   കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയില്ല.

   മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരമുണ്ട്. അത്തരം വിഭാഗക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

   കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ട്. അത്തരം വിഭാഗക്കാർ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

മേൽപറഞ്ഞപ്രകാരമല്ലാത്ത പ്രായപരിധി ഇളവുകൾ അനുവദിക്കുവാനുള്ള അധികാരം പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കാണ്. അത്തരം വിഭാഗക്കാർ പൊതുവിദ്യാഭ്യാസ സെക്രട്ടറി നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

3. വിഭിന്ന ശേഷി വിഭാഗത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്നു തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

4. സാമുദായിക സംവരണം പരിശോധിക്കുന്നതിന്. **SSLC** ബുക്കിലെ സമുദായ വിവരങ്ങൾ മതിയാകും. എന്നാൽ **SSLC** ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**SC/ST/OEC** വിദ്യാർത്ഥികൾ റവന്യൂ അധികൃതർ നൽകിയ വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കണം

.അനുബന്ധം 3 ൽ ഉൾപ്പെട്ട ഒ.ബി.എച്ച് ലെ വിഭാഗക്കാർ റവന്യൂ അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മാത്രമേ ഫീസാനുകൂല്യം ലഭിക്കുകയുള്ളൂ.

5. തമിഴ്/കന്നട ഭാഷാ ന്യൂനപക്ഷമാണെങ്കിൽ ആ വിവരം യോഗ്യതാ സർട്ടിഫിക്കറ്റിൽ / എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മാതൃഭാഷയുടെ (ഒന്നാംഭാഷ) കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അല്ലാത്ത പക്ഷം രജിസ്റ്റർ ചെയ്ത തദ്ദേശ ഭാഷാന്യൂനപക്ഷ സംഘടനയുടെ സെക്രട്ടറി/ചെയർമാൻ പ്രസ്തുത സംഘടനയുടെ അംഗത്വ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ലെറ്റർഹെഡിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

6. താമസിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും താലൂക്കിൻേറയും പേരിൽ ബോണസ് പോയിൻറുകൾ ലഭിക്കുന്നവർ SSLC ബുക്കിൽ ആ വിവരങ്ങളുണ്ടെങ്കിൽ മറ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല.അല്ലാത്ത പക്ഷം റേഷൻ കാർഡോ നേറ്റിവിറ്റി സർട്ടിഫിക്കറ്റോ ഹാജരാക്കണം.

7. എൻ.സി.സി ക്ക് 75 ശതമാനം ഹാജരുണ്ടെന്ന എൻ.സി.സി ഡയറക്ടറേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാണ്. രാജ്യ പുരസ്കാർ ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രം സ്കൗട്ട് ആൻറ് ഗൈഡ്സ് വിഭാഗത്തിൽ ബോണസ് പോയിൻറിന് അർഹതയുണ്ടാകും.

8. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിലെ സർവീസിലുള്ള ജവാൻെറ ആശ്രിതർ എന്നുള്ളതിന് പ്രസ്തുത ജവാൻെറ സർവീസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ച എക്സ് സർവീസ് ജവാൻെറ ആശ്രിതർ എന്നുള്ളതിന് സൈനിക വെൽഫയർ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം

9. സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ ***GO(No) No.214/2012/Home dated 04/08/2012*** വിവക്ഷിച്ച മാതിരി **SPC Project Kerala** നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

10. ടൈ ബ്രേക്കിന് പോയിൻറ് നൽകുന്ന ഇനങ്ങളിൽ **NTSE,NMMSSE,USS,LSS** ഒഴികെയുള്ളവ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് പങ്കെടുത്തവയായിരിക്കണം. **NTSE** ക്ക് പോയിൻറ് ലഭിക്കാൻ എട്ടാം ക്ലാസ്സിൽ അല്ലെങ്കിൽ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് **SCERT** യോ **NCERT** യോ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

11. എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസിനും കോ-കരിക്കുലർ ആക്ടിവിറ്റീസിനും ബന്ധപ്പെട്ട അധികാരികൾ പ്രോസ്പെക്ടസിലെ അനുബന്ധം 4 മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

12. ലിറ്റിൽ കൈറ്റ്സിനുള്ള ബോണസ് പോയിൻറ് ലഭിക്കുന്നതിന് കൈറ്റ് നൽകിയിട്ടുള്ള **A** ഗ്രേഡ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

13. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള **(EWS)** 10% സംവരണ സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് പ്രോസ്പക്ടസിലെ അനുബന്ധം 10 സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 –ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും അനുസരിച്ച് വില്ലേജ് ആഫീസറിൽ നിന്നും **Income & Assets Certificate** ലഭിക്കുന്നവരായിരിക്കണം. **EWS** റിസർവേഷന് ആവശ്യമുള്ള **Annexure 1** മാതൃകയിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ **Annexure 2** മാതൃകയിലുള്ള **Income & Assets Certificate** ഹാജരാക്കണം.

**14.** പ്രത്യേക പരിഗണനക്കായി ഉൾപ്പെടുത്തുന്ന എല്ലാ വിവരങ്ങൾക്കും വേണ്ടുന്ന സർട്ടിഫിക്കറ്റിൻെറ വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റ് നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടുള്ളതായിരിക്കണം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ